**മധുരമായ കുട്ടികളേ - ജ്ഞാനസാഗരനായ ബാബ നിങ്ങള്‍ക്ക് രത്നങ്ങളുടെ സഞ്ചി നിറച്ച് തരികയാണ്, എത്ര കഴിയുന്നുവോ തന്‍റെ സഞ്ചി നിറയ്ക്കൂ, എല്ലാ ചിന്തകളില്‍ നിന്നും മുക്തമാകൂ.**

**ചോദ്യം -** ജ്ഞാനമാര്‍ഗ്ഗത്തിലുള്ള ഏതൊരു കാര്യമാണ് ഭക്തിമാര്‍ഗ്ഗത്തിലും ഇഷ്ടപ്പെടുന്നത്?
**ഉത്തരം -** ശുദ്ധത. ജ്ഞാനമാര്‍ഗ്ഗത്തിലും നിങ്ങള്‍ കുട്ടികള്‍ ശുദ്ധരായിത്തീരുന്നു. ബാബ നിങ്ങളുടെ അഴുക്കു വസ്ത്രങ്ങളെ ശുദ്ധമാക്കാനാണ് വന്നിരിക്കുന്നത്, ആത്മാവ് എപ്പോഴാണോ ശുദ്ധം അതായത് പാവനമായിത്തീരുന്നത് അപ്പോള്‍ വീട്ടിലേക്ക് പോകാനുള്ള, പറക്കാനുള്ള ചിറക് ലഭിക്കുന്നു. ഭക്തിയിലും ശുദ്ധതയെ വളരെയേറെ ഇഷ്ടപ്പെടുന്നു. ശുദ്ധമായിത്തീരുന്നതിനാണ് ഗംഗയില്‍ പോയി സ്നാനം ചെയ്യുന്നത്. പക്ഷേ വെള്ളം കൊണ്ട് ആത്മാവ് ഒരിക്കലും ശുദ്ധമായിത്തീരുന്നില്ല.

**ഓംശാന്തി**. മധുരമധുരമായ കുട്ടികളേ, നിങ്ങള്‍ക്ക് ഓര്‍മ്മയുടെ യാത്രയെ ഒരിക്കലും മറക്കരുത്. അതിരാവിലെ എഴുന്നേറ്റ് അഭ്യസിക്കണം, അതില്‍ വാക്കുകള്‍ പ്രയോഗിക്കുന്നില്ല കാരണം ഇതാണ് നിര്‍വ്വാണ ധാമത്തിലേക്ക് പോകാനുള്ള യുക്തി. പാവനമാകാതെ നിങ്ങള്‍ കുട്ടികള്‍ക്ക് പോകാന്‍ സാധിക്കില്ല, പറക്കാന്‍ കഴിയില്ല. ഇതും അറിയാം സത്യയുഗം ഉണ്ടാകുമ്പോഴേക്കും എത്രയധികം ആത്മാക്കളാണ് പറന്നു പോവുക. ഇപ്പോള്‍ കോടിക്കണക്കിന് ആത്മാക്കളാണ്. അവിടെ സത്യയുഗത്തില്‍ കുറച്ച് ലക്ഷങ്ങള്‍ അവശേഷിക്കും. ബാക്കി എല്ലാം പറന്നു പോകും. തീര്‍ച്ചയായും ആരെങ്കിലും വന്ന് ചിറക് നല്‍കുന്നുണ്ടാവും. ഈ ഓര്‍മ്മയുടെ യാത്രയിലൂടെയാണ് പവിത്രമായിത്തീരുന്നത്. ഇതുകൂടാതെ പാവനമായിത്തീരാന്‍ മറ്റൊരു ഉപായവുമില്ല. പതിതപാവനന്‍ എന്നും ഒരേയൊരു ബാബയെയാണ് പറയുന്നത്. പിന്നീട് ചിലര്‍ ഈശ്വരന്‍ എന്നു പറയുന്നു. പരമാത്മാവ് എന്നു പറയുന്നു, ഭഗവാന്‍ എന്നു പറയുന്നു, എല്ലാം ഒന്നു തന്നെയാണ്. അനേകമല്ല. എല്ലാവരുടെയും അച്ഛന്‍ ഒന്നാണ്. ലൗകിക അച്ഛന്‍ എല്ലാവരുടെയും അവരവരുടേതാണ്. ബാക്കി പാരലൗകിക അച്ഛന്‍ എല്ലാവരുടെയും ഒന്നാണ്. ആ അച്ഛന്‍ എപ്പോഴാണോ വരുന്നത് അപ്പോള്‍ എല്ലാവര്‍ക്കും സുഖം നല്‍കിപ്പോകുന്നു. പിന്നീട് സുഖത്തില്‍ അവരെ ഓര്‍മ്മിക്കേണ്ട ആവശ്യമില്ല. അതും കഴിഞ്ഞു പോയതല്ലേ. ഇപ്പോള്‍ ബാബ ഭൂതം, ഭാവി, വര്‍ത്തമാനം ഇവയുടെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തരുകയാണ്. വൃക്ഷത്തിന്‍റെ ഭൂതം, ഭാവി വര്‍ത്തമാനം വളരെയധികം എളുപ്പമാണ്. നിങ്ങള്‍ക്കറിയാം എങ്ങനെ ബീജത്തില്‍ നിന്നും വൃക്ഷമുണ്ടാകുന്നു എന്ന്. പിന്നീട് വൃദ്ധിയുണ്ടായി അവസാനം അന്ത്യത്തിലേക്ക് വരുന്നു. അതിനെയാണ് ആദി മദ്ധ്യ അന്ത്യം എന്ന് പറയുന്നത്. ഇതാണ് വിവിധ ധര്‍മ്മങ്ങളുടെ വൃക്ഷം. എല്ലാവരുടെ സംസ്കാരവും പെരുമാറ്റവും അവരവരുടേതാണ്. പുഷ്പങ്ങളിലും നിങ്ങള്‍ ശ്രദ്ധിച്ചിട്ടുണ്ടാവും എങ്ങനെയാണോ വൃക്ഷം അതുപോലെ അതിന്‍റെ പുഷ്പങ്ങളും ഉണ്ടാകുന്നു. ആ പുഷ്പങ്ങളുടെയെല്ലാം രൂപം ഒന്നായിരിക്കും. പക്ഷേ ഈ മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷത്തില്‍ പലവിധമാണ്. അതില്‍ ഓരോ വൃക്ഷത്തിന്‍റെയും ഭംഗി വേറെവേറെയാണ്. പക്ഷേ ഇതില്‍ അനേകപ്രകാരത്തിലുള്ള ഭംഗിയുണ്ട്. ബാബ ശ്യാമ-സുന്ദര്‍ എന്ന് പറയുന്നത് ഈ ദേവീദേവതകളെക്കുറിച്ചാണ്. എപ്പോഴാണോ അവര്‍ സതോപ്രധാനത്തില്‍ നിന്നും തമോപ്രധാനമായിത്തീരുന്നത് അപ്പോഴാണ് സുന്ദരനില്‍ നിന്നും ശ്യാമായിത്തീരുന്നത്. ഇതുപോലെ മറ്റൊരു ധര്‍മ്മത്തിലും ഉണ്ടാകുന്നില്ല. കാരണം എപ്പോഴും കറുത്തതായിത്തന്നെ ഇരിക്കുന്ന ധര്‍മ്മത്തിലുള്ളവരുമുണ്ട്. അവരുടെ രൂപഭാവവും നോക്കൂ. ജപ്പാനികളുടെ രൂപഭാവം യൂറോപ്യരുടെ രൂപഭാവം, ചൈനക്കാരുടെ രൂപഭാവങ്ങളെല്ലാം തന്നെ നോക്കൂ. ഭാരതത്തിലുള്ളവരുടെ രൂപവും ഭാവവും പരിവര്‍ത്തനപ്പെട്ടിട്ടുണ്ട് അവരെക്കുറിച്ചു തന്നെയാണ് ശ്യാമസുന്ദര്‍ എന്ന മഹിമ പാടുന്നത്. മറ്റൊരു ധര്‍മ്മത്തിലുള്ളവരെ പ്രതിയുമല്ല. ഇത് മനുഷ്യ സൃഷ്ടിയുടെ വൃക്ഷമാണ്. വിവിധ ധര്‍മ്മങ്ങളുണ്ട്. ഇതെല്ലാം തന്നെ നമ്പര്‍വൈസായി എങ്ങനെ വരുന്നു എന്നതിന്‍റെ ജ്ഞാനം നിങ്ങള്‍ കുട്ടികള്‍ക്ക് ഇപ്പോള്‍ ലഭിക്കുന്നു. മറ്റാര്‍ക്കും തന്നെ ഈ കാര്യത്തെ മനസ്സിലാക്കിത്തരാന്‍ സാധിക്കില്ല. ഈ കല്പം തന്നെ 5000 വര്‍ഷത്തിന്‍റേതാണ്. ഇതിനെ വൃക്ഷമെന്നു പറയാം ലോകമെന്നു പറയാം. പകുതിയില്‍ നിന്നും ഭക്തി ആരംഭിക്കുന്നു, അതിനെയാണ് രാവണ രാജ്യമെന്നു പറയുന്നത്. പഞ്ച വികാരങ്ങളുടെ രാജ്യം ആരംഭിക്കുന്നു. കാമ ചിതയിലിരുന്ന് പതിതവും കറുത്തതുമായിത്തീരുന്നു. രാവണ സമ്പ്രദായത്തിലുള്ളവരുടെ പെരുമാറ്റവും രാമ സമ്പ്രദായത്തിലുള്ളവരുടെ പെരുമാറ്റവും തമ്മില്‍ രാത്രിയുടെയും പകലിന്‍റെയും വ്യത്യാസമുണ്ട്. മനുഷ്യര്‍ അങ്ങനെയുള്ളവരുടെ മഹിമയാണ് പാടുന്നത്, സ്വയത്തെ നീചനെന്നും പാപിയെന്നും പറയുന്നു. അനേക പ്രകാരത്തിലുള്ള മനുഷ്യരുണ്ട്. നിങ്ങള്‍ ധാരാളം ഭക്തി ചെയ്തിട്ടുണ്ട്. പുനര്‍ജന്മങ്ങള്‍ എടുത്ത് ഭക്തി ചെയ്തു വന്നു. ആദ്യത്തേത് അവ്യഭിചാരി ഭക്തിയാണ്. ഒന്നിന്‍റെ മാത്രം ഭക്തിയാണ് ആദ്യം ആരംഭിക്കുന്നത്, പിന്നീട് ഭക്തി വ്യഭിചാരിയായിത്തീരുന്നു.

അന്തിമ സമയത്ത് തീർത്തും വ്യഭിചാരിയായിത്തീരുന്നു. അപ്പോഴാണ് ബാബ വന്ന് അവ്യഭിചാരി ജ്ഞാനം നൽകുന്നത്. ഈ ജ്ഞാനത്തിലൂടെയാണ് സദ്ഗതിയുണ്ടാകുന്നത്. ഈ ജ്ഞാനത്തെക്കുറിച്ചുള്ള അറിവ് ഇല്ലാത്തതുവരെയ്ക്കും ഭക്തിയുടെ തന്നെ അഹങ്കാരത്തിലായിരിക്കും. ഇതറിയുന്നില്ല ജ്ഞാനത്തിന്റെ സാഗരൻ ഒരേയൊരു പരമാത്മാവാണെന്ന്. ഭക്തിയിൽ എത്രത്തോളം വേദ ശാസ്ത്രങ്ങളെല്ലാം തന്നെ ഓർമ്മിച്ച്, പിന്നീട് അത് കേൾപ്പിക്കുന്നുമുണ്ട്. ഇതെല്ലാം തന്നെ ഭക്തിയുടെ വിസ്താരമാണ്. ഭക്തിയുടെ ശോഭയാണ്. ബാബ പറയുന്നു ഇത് മൃഗതൃഷ്ണയ്ക്കു സമാനമുള്ള ശോഭയാണ്. മണൽ ദൂരെ നിന്നു നോക്കുമ്പോൾ വെള്ളത്തെപ്പോലെ വെള്ളിയ്ക്കു സമാനം തിളങ്ങുന്നു. മാനുകൾക്ക് ദാഹിക്കുമ്പോൾ അവ ആ മണലിലൂടെ ഓടിയോടി അതിൽ അകപ്പെട്ടു പോകുന്നു. ഭക്തിയും അങ്ങനെ തന്നെയാണ് അവിടെ എല്ലാവരും അകപ്പെട്ടു പോകുന്നു. അതിൽ നിന്നും പുറത്തേക്കു വരാൻ കുട്ടികൾ പ്രയത്നിക്കുന്നു. വിഘ്നവും ഇതിൽ തന്നെയാണ് കാരണം ബാബ പവിത്രമാക്കി മാറ്റുന്നു. ദ്രൗപദിയും ഇതിനാണ് വിളിച്ചത്. മുഴുവൻ ലോകത്തിലും ദ്രൗപദികളും ദുര്യോധനനുമാണ്. പിന്നീട് ഇങ്ങനെയും പറയാം നിങ്ങൾ എല്ലാവരും പാർവ്വതിമാരാണ്, നിങ്ങൾ അമരകഥ കേട്ടു കൊണ്ടിരിക്കുകയാണ്. ബാബ നിങ്ങളെ അമര ലോകത്തേക്ക് കൊണ്ടു പോകുന്നതിനായി അമരകഥ കേൾപ്പിക്കുകയാണ്. ഇത് മൃത്യു ലോകമാണ്. ഇവിടെ ദുർമരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇരിക്കെത്തന്നെ ഹൃദയാഘാതം സംഭവിക്കുന്നു. നിങ്ങൾക്ക് ആശുപത്രികളിൽ പോയി മനസ്സിലാക്കി കൊടുക്കണം. ഇവിടെ നിങ്ങളുടെ ആയുസ്സ് എത്ര കുറവാണ്, അസുഖങ്ങൾ വരുന്നു. അവിടെ അസുഖങ്ങൾ തന്നെയില്ല.

ഭഗവാനുവാച സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ, അച്ഛനാകുന്ന എന്നെ ഓർമ്മിക്കൂ. മറ്റുള്ളവരോടുള്ള മമത്വത്തെ ഇല്ലാതാക്കൂ എന്നാൽ വികർമ്മം നശിക്കും. പിന്നീട് ഒരിക്കലും അസുഖമുണ്ടാവുകയില്ല. കാലൻ വിഴുങ്ങുകയില്ല. ആയുസ്സും വർദ്ധിക്കും. ഈ ദേവതകളുടെ ആയുസ്സ് ഉയർന്നതായിരുന്നില്ലേ. പിന്നീട് വർദ്ധിച്ച ആയുസ്സുള്ളവർ എവിടേക്കു പോയി? പുനർജന്മം എടുത്തെടുത്ത് ആയുസ്സ് കുറഞ്ഞു. ഇത് സുഖദുഖത്തിന്റെ കളിയാണ്. ഇതിനെക്കുറിച്ച് ആർക്കും തന്നെ അറിയുന്നില്ല. മേളകളും ഉത്സവങ്ങളും എത്രയാണ് ഉണ്ടാകുന്നത്. കുംഭമേളയിൽ എത്ര പേർ സ്നാനം ചെയ്യുന്നതിനായി ഒരുമിച്ചു പോകുന്നു, പക്ഷേ ഇതിലൂടെയൊന്നും പ്രയോജനമില്ല. ദിവസേന നിങ്ങൾ സ്നാനം ചെയ്യുന്നു. എല്ലാ സ്ഥലത്തേക്കുമുള്ള വെള്ളം സാഗരത്തിൽ നിന്നു തന്നെയാണ് വരുന്നത്. ഏറ്റവും നല്ല വെള്ളം കിണറിൽ നിന്നും ലഭിക്കുന്നതാണ്. നദികളിൽ പിന്നെയും അഴുക്കുണ്ടാകുന്നു. കിണറിലുള്ള വെള്ളം പ്രകൃതി പരമായി ശുദ്ധീകരിക്കപ്പെട്ടതാണ്. അപ്പോൾ അതിൽ കുളിക്കുന്നതാണ് വളരെയധികം നല്ലത്. ആദ്യം ഇങ്ങനെയുള്ള രീതിയായിരുന്നു, പിന്നീടാണ് നദികളിൽ കുളിക്കുന്ന സമ്പ്രദായമുണ്ടായത്. ഭക്തിമാർഗ്ഗത്തിലും ശുദ്ധത ഇഷ്ടപ്പെടുന്നവരാണ്. പരമാത്മാവിനെയും വിളിക്കുന്നത് വരൂ വന്ന് ഞങ്ങളെ ശുദ്ധമാക്കൂ എന്ന് പറഞ്ഞാണ്. ഗുരുനാനാക്കും പരമാത്മാവിന്റെ മഹിമയാണ് പാടിയത്. അഴുക്ക് നിറഞ്ഞ വസ്ത്രം അലക്കുന്ന ...... ബാബ വന്ന് അഴുക്കു നിറഞ്ഞ വസ്ത്രത്തെ ശുദ്ധമാക്കുന്നു. ഇവിടെ ബാബ ആത്മാക്കളെയാണ് ശുദ്ധമാക്കുന്നത്. മറ്റുള്ളവർ ആത്മാവിനെ നിർലേപമെന്നു മനസ്സിലാക്കുന്നു. ബാബ പറയുന്നു ഇതു തന്നെയാണ് രാവണ രാജ്യം. സൃഷ്ടിയുടെ അധ:പതനത്തിന്റെ കലയാണ്. ഇങ്ങനെയൊരു മഹിമയുണ്ട് പറക്കുന്ന കലയിലൂടെയാണ് എല്ലാവരുടെയും നന്മയുണ്ടാകുന്നതെന്ന്. സർവ്വരുടെയും സദ്ഗതിയുണ്ടാകുന്നത്. അല്ലയോ ബാബാ, താങ്കളിലൂടെ എല്ലാവരുടെയും നന്മയുണ്ടാകുന്നു. സത്യയുഗത്തിൽ എല്ലാവരുടെയും നന്മയാണ് ഉണ്ടാകുന്നത്. അവിടെ എല്ലാവരും ശാന്തിയിലാണ്, ഒരേയൊരു രാജ്യമാണ്. ആ സമയത്ത് ബാക്കി എല്ലാ ആത്മാക്കളും ശാന്തിധാമത്തിലായിരിക്കും ഉണ്ടാവുക. ഇന്നത്തെ മനുഷ്യർ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിനായി ഒരുപാട് പ്രയത്നിക്കുന്നുണ്ട്. അവരോട് ചോദിക്കൂ ഇതിനു മുമ്പ് വിശ്വത്തിൽ എപ്പോഴെങ്കിലും ശാന്തിയുണ്ടായിരുന്നോ, അതുകൊണ്ടാണോ ഇപ്പോഴും അതിനായി യാചിക്കുന്നത്? അവർ അപ്പോൾ പറയും കലിയുഗത്തിൽ ഇനിയും 40,000 വർഷങ്ങൾ ബാക്കിയുണ്ടെന്ന്. 5000 വർഷത്തിന്റെ ഒരു കല്പം എന്നു പറയുന്നതും, ഒരു കലിയുഗത്തിൽ തന്നെ 40,000 വർഷങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട് എന്ന് പറയുന്നതും തമ്മിൽ എത്ര വ്യത്യാസമാണ്. അനേക അഭിപ്രായങ്ങളുണ്ട്. ബാബ വന്ന് സത്യം പറഞ്ഞു തരുന്നു നമ്മൾ 84 ജന്മങ്ങൾ എടുക്കുന്നുണ്ട്. ലക്ഷക്കണക്കിന് വർഷങ്ങൾ ഉണ്ടെങ്കിൽ മനുഷ്യൻ മൃഗങ്ങളായും മാറുമല്ലോ. പക്ഷേ അതിനുള്ള നിയമമില്ല. 84 ജന്മങ്ങളും മനുഷ്യന്റേതു തന്നെയായിരിക്കും എടുക്കുന്നത്. അതിന്റെ കണക്കുകളും ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. ഈ ജ്ഞാനം നിങ്ങൾ കുട്ടികൾക്ക് ധാരണ ചെയ്യണം. ഋഷിമുനിമാർ ഇതൊന്നും തന്നെ അറിയില്ല എന്നു പറഞ്ഞു. അതായത് ഇതൊന്നും തന്നെ ഞങ്ങൾക്ക് അറിയില്ല അപ്പോൾ നാസ്തികരായില്ലേ. അപ്പോൾ തീർച്ചയായും ആരെങ്കിലും ആസ്തികരുണ്ടാവും. ദേവതകളാണ് ആസ്തികർ, രാവണരാജ്യത്തിലുള്ളവരാണ് നാസ്തികർ. ജ്ഞാനത്തിലൂടെയാണ് നിങ്ങൾ ആസ്തികരായി മാറിയത്. പിന്നീട് 21 ജന്മത്തേക്കുള്ള സമ്പത്ത് ലഭിക്കുന്നു. പിന്നെ ജ്ഞാനത്തിന്റെ ആവശ്യം തന്നെയില്ല. ഇപ്പോൾ

പുരുഷോത്തമ സംഗമയുഗമാണ്, ഇതിലൂടെ നമ്മൾ ഉത്തമത്തിലും ഉത്തമ പുരുഷനൻ അതായത് സ്വർഗ്ഗ ത്തിന്റെ അധികാരിയായിത്തീരുകയാണ്. ഇതിൽ ആര് എത്രത്തോളം പഠിക്കുന്നുവോ അത്രത്തോളം ഉയർന്ന പദവി നേടാൻ സാധിക്കുന്നു. വിദ്യാഭ്യാസമുണ്ടെങ്കിൽ വിശ്വത്തിന്റെ അധികാരിയാകാം, അല്ലെങ്കിൽ കുറഞ്ഞ പദവി ലഭിക്കുന്നു. പക്ഷേ അവിടെയുള്ള രാജ്യ പദവി സുഖത്തിന്റെതാണ്, ഇവിടത്തെ ദുഖത്തിന്റെതും. ആസ്തികരായിത്തീർന്നാൽ സുഖത്തിന്റെ രാജ്യ പദവി നേടുന്നു. പിന്നീട് രാവണൻ വരുന്നതിലൂടെ നാസ്തി കരായിത്തീരുന്നു. അപ്പോഴാണ് ദുഖമുണ്ടാകുന്നത്. ഭാരതം പവിത്രമായിരുന്നപ്പോൾ അളവറ്റ ധനമുണ്ടാ യിരുന്നു. സോമനാഥ ക്ഷേത്രം എത്ര നല്ല രീതിയിലാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ക്ഷേത്രം ഉണ്ടാക്കുന്നതി നായി ഇത്രയ്ക്കും സമ്പത്തുണ്ടെങ്കിൽ സ്വയം ഉണ്ടാക്കിയ ആൾക്ക് എത്ര സമ്പത്തുണ്ടായിരിക്കും! ഇത്രയ്ക്കും സമ്പത്ത് എവിടെ നിന്നു ലഭിച്ചു? ശാസ്ത്രത്തിൽ എഴുതപ്പെട്ടിട്ടുണ്ട് – സാഗരം പാത്രങ്ങൾ നിറച്ചു കൊടുത്തു എന്ന്. ഇപ്പോൾ ജ്ഞാനസാഗരനായ ബാബ നിങ്ങൾക്ക് ജ്ഞാനത്തിന്റെ പാത്രം നിറച്ച് നൽകുന്നു. ഇപ്പോൾ നിങ്ങളുടെ സഞ്ചി നിറച്ചു തരുകയാണ്. മറ്റുള്ളവർ ശങ്കരന്റെ മുന്നിൽ പോയി പാടുന്നു സഞ്ചി നിറച്ചു തരൂ എന്ന്. അച്ഛനെ അറിയുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബ നമ്മുടെ സഞ്ചി നിറച്ചു തരുകയാണെന്ന്. ആർക്ക് എത്രത്തോളം വേണമോ നിറയ്ക്കാം. എത്രത്തോളം നല്ല രീതിയിൽ പഠിക്കുന്നുവോ സ്കോളർഷിപ്പ് ലഭിക്കുന്നു. വേണമെങ്കിൽ ഉയർന്ന ഡബിൾ കിരീടധാരി ദേവതയായും മാറാം, സാധാരണ പ്രജകളോ ദാസി-ദാസനായും മാറാം. ധാരാളം പേർ ബാബയോട് വിടപറയുന്നവരു ണ്ട്, അതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ബാബ പറയുന്നു എനിക്ക് ഒരു ചിന്തയുമില്ല. ഞാൻ ചിന്ത യിൽ നിന്നും മുക്തനാണ്. നിങ്ങളെയും അതുപോലെയാക്കി മാറ്റുന്നു. ചിന്തയിൽ നിന്നും മുക്തമാക്കി മാറ്റുന്ന സ്വാമിയാണ് എല്ലാവരുടെയും സദ്ഗുരു..... എല്ലാവരുടെയും അച്ഛനായ സ്വാമിയെയാണ് അധി കാരിയെന്നും പറയുന്നത്. ബാബ പറയുന്നു ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത ടീച്ചറാണ്. ഭക്തിമാർഗ്ഗ ത്തിൽ നിങ്ങൾ അനേക ടീച്ചർമാരിൽ നിന്നും അനേക വിദ്യകൾ പഠിക്കുന്നു. ബാബ നിങ്ങളെ പഠിപ്പി ക്കുന്ന ജ്ഞാനമാണ് ഏറ്റവും വേറിട്ടത്. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്, എല്ലാം അറിയുന്നവൻ എന്ന് ഒരിക്കലും പറയരുത്. ഇങ്ങനെ ധാരാളം പേർ പറയുന്നുണ്ട് താങ്കൾക്ക് ഞങ്ങളുടെ ഉള്ളിനെ അറി യാം. ബാബ പറയുന്നു ഞാൻ ഒന്നും തന്നെ അറിയുന്നില്ല. ഞാൻ നിങ്ങൾ കുട്ടികളെ പഠിപ്പിക്കാനാണ് വന്നിരിക്കുന്നത്. നിങ്ങൾ ആത്മാക്കൾ തന്റെ ഈ സിംഹാസനത്തിലാണ് വിരാജ്മാനായിരിക്കുന്നത്. ഞാനും ഈ സിംഹാസനത്തിലാണ് വസിക്കുന്നത്. ആത്മാവ് ഇത്രയ്ക്കും ചെറിയ ബിന്ദുവാണെന്ന് ആർക്കും തന്നെ അറിയുന്നില്ല. അപ്പോഴാണ് ബാബ പറയുന്നത് ആദ്യം ആത്മാവിനെക്കുറിച്ച് മനസ്സിലാക്കൂ പിന്നീട് ബാബയെ മനസ്സിലാക്കാൻ സാധിക്കും. ബാബ ആദ്യമാദ്യം ആത്മ ജ്ഞാനമാണ് മനസ്സിലാക്കി തരുന്നത്. പിന്നീട് ബാബയുടെ പരിചയം നൽകുന്നു. ഭക്തിയിൽ സാളിഗ്രാമത്തെ ഉണ്ടാക്കി പൂജിച്ച് പിന്നീട് അതിനെ നശിപ്പിക്കുന്നു. ബാബ പറയുന്നു ഇതെല്ലാം തന്നെ പാവകളുടെ പൂജയാണ്. ആരാണോ ഈ കാര്യങ്ങളെ യെല്ലാം തന്നെ നല്ല രീതിയിൽ മനസ്സിലാക്കുന്നത്, അവർ മറ്റുള്ളവരുടെയും മംഗളം ചെയ്യുന്നു. ബാബ മംഗളകാരിയാണെങ്കിൽ കുട്ടികൾക്കും അതുപോലെയായിത്തീരണം. ചിലർ മറ്റുള്ളവരെ ചെളിക്കുണ്ടിൽ നിന്നും പുറത്തേക്ക് എടുത്ത് സ്വയം അതിൽ തന്നെ കുടുങ്ങി മരിക്കുന്നു. അപവിത്രമായിത്തീരുന്നു. സമ്പാദിച്ചതെല്ലാം തന്നെ നഷ്ടപ്പെടുത്തുന്നു. അതുകൊണ്ടാണ് ബാബ പറയുന്നത് വളരെയധികം ശ്രദ്ധ യോടെയിരിക്കണമെന്ന്.

കാമചിതയിൽ ഇരുന്നതിലൂടെയാണ് നിങ്ങൾ കറുത്തതായിത്തീർന്നത്. നിങ്ങൾ പറയുന്നു ഞങ്ങൾ തന്നെ യായിരുന്നു വെളുത്തവർ ഇപ്പോൾ ഞങ്ങൾ തന്നെ കറുത്തതായിത്തീർന്നു. നമ്മൾ തന്നെയായിരുന്നു ദേവതകൾ, നമ്മൾ തന്നെ താഴേക്കു വീണു. ഇല്ലെങ്കിൽ 84 ജന്മം ആര് എടുക്കുക്കാനാണ്. ഈ കണ ക്കാണ് ബാബ മനസ്സിലാക്കിത്തരുന്നത്. കുട്ടികൾക്ക് വളരെയധികം പ്രയത്നിക്കേണ്ടതായുണ്ട്. അരക്ക ല്പമായി വിഷയസാഗരത്തിൽ പെട്ടുപോയവരെ അതിൽ നിന്നും മുക്തമാക്കുക എന്നത് അത്ര എളുപ്പമു ള്ള കാര്യമല്ല. അഥവാ ആരെങ്കിലും കുറച്ച് ജ്ഞാനമെങ്കിലും നേടുകയാണെങ്കിൽ അതൊരിക്കലും നശി ക്കുന്നില്ല. ഈ കഥ സത്യനാരായണനായി മാറാനുള്ളതാണ്, പിന്നീട് പ്രജയായും മാറുന്നു. കുറച്ച് കേട്ട് പോകുന്നവർ, വീണ്ടും വന്ന് മനസ്സിലാക്കാനും സാധ്യതയുണ്ട്. ഇനി മുന്നോട്ടു പോകുന്തോറും മനുഷ്യ രിൽ വൈരാഗ്യം ഉണ്ടാകുന്നു. എങ്ങനെയാണോ ശ്മശാനത്തിൽ വൈരാഗ്യമുണ്ടാകുന്നത്, അതിൽ നിന്നും പുറത്തേക്കു പോയാൽ അത് കഴിഞ്ഞു. നിങ്ങളും എപ്പോഴാണോ അവർക്ക് മനസ്സിലാക്കി കൊടുക്കുന്ന് നല്ലത് നല്ലത് എന്നു പറയുന്നു. പുറത്തേക്കു പോയാൽ കഴിഞ്ഞു. പറയുന്നു, ജോലിയെല്ലാം കഴിഞ്ഞു വരാമെന്ന്. പുറത്തേക്ക് പോയാൽ മായ തലതിരിപ്പിച്ചു വിടുന്നു. കോടിയിൽ ചിലർ മാത്രമേ വരുകയു ള്ളൂ. രാജ്യ പദവി നേടുത്തതിനായി പ്രയത്നിക്കണം. ഓരോരുത്തരും തന്റെ ഹൃദയത്തോടു ചോദി ക്കണം – പരിധിയില്ലാത്ത അച്ഛനെ നമ്മൾ എത്ര സമയം ഓർമ്മിക്കുന്നുണ്ട്? ബാബയുടെ സ്മൃതി മറന്നു പോകുന്നു എന്ന് പറയും. അജ്ഞാനത്തിൽ നമ്മൾ എപ്പോഴെങ്കിലും ഇങ്ങനെ പറഞ്ഞിട്ടുണ്ടോ എനിക്ക്

അച്ഛനെ മറന്നുപോകുന്നു എന്ന്?

ബാബ പറയുന്നു എത്രതന്നെ കൊടുങ്കാറ്റ് വന്നാലും നിങ്ങൾ ഇളകരുത്. കൊടുങ്കാറ്റ് വന്നാലും കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യരുത്. പറയുന്നു – ബാബാ, മായ ജാലവിദ്യ കാണിച്ചു. ബാബ പറയുന്നു – മധുരമധുരമായ കുട്ടികളേ ഓർമ്മിക്കുകയാണെങ്കിൽ കറ ഇല്ലാതായിത്തീരുന്നു. ആത്മാവിലാണ് കറ പുരളുന്നത്. അത് ഓർമ്മയിലൂടെ മാത്രമേ ഇല്ലാതാകൂ. ബാബയും ബിന്ദുവാണ്. കറയെ ഇല്ലാതാക്കാനായി ബാബയുടെ സ്മൃതിയല്ലാതെ മറ്റൊരു ഉപായവുമില്ല. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. മംഗളകാരിയായ അച്ഛന്റെ കുട്ടികളാണ് നമ്മൾ, അതുകൊണ്ട് സ്വയത്തിന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യണം. സമ്പാദ്യത്തെ നശിപ്പിക്കുന്ന വിധത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്, ഈ കാര്യത്തിൽ ശ്രദ്ധിക്കണം.

2. പഠിപ്പ് നല്ല രീതിയിൽ പഠിച്ച് ജ്ഞാനരത്നങ്ങളാൽ തന്റെ സഞ്ചിയെ നിറയ്ക്കണം. സ്കോളർഷിപ്പ് നേടാനുള്ള പുരുഷാർത്ഥം ചെയ്യണം. ബാബയ്ക്കു സമാനം ചിന്തയിൽ നിന്നും മുക്തം അതായത് നിശ്ചിന്തമായിരിക്കണം.

## വരദാനം – തിരിച്ചറിയാനുള്ളശക്തിയിലൂടെ പഴയ സ്വഭാവ സംസ്ക്കാരങ്ങളിൽ നിന്നും വേറിട്ടിരിക്കുന്ന മായാജീത്തായി ഭവിക്കൂ.

ഈ പഴയ ദേഹത്തിന്റെ സ്വഭാവവും സംസ്ക്കാരവും വളരെ കഠിനമാണ്, മായാജീത്താകുന്നതിന് വലിയ വിഘ്നമായി മാറുന്നു. സ്വഭാവ സംസ്ക്കാരരൂപീ സർപ്പം അവസാനിക്കുന്നു എന്നാൽ അടയാളം അവശേഷിക്കുന്നു, അത് സമയം വരുമ്പോൾ വീണ്ടും വീണ്ടും ചതിക്കുന്നു. പല തവണ തെറ്റ് തെറ്റാണെന്ന് മനസിലാക്കാത്ത വിധം മായയ്ക്ക് വശീഭൂതരാകുന്നു. പരവശരാകുന്നു അതിനാല് പരിശോധിക്കൂ തിരിച്ചറിയാനുള്ള ശക്തിയിലൂടെ മറഞ്ഞിരിക്കുന്ന സ്വഭാവ സംസ്ക്കാരങ്ങളിൽ നിന്നും വേറിട്ടവരാകൂ അപ്പോൾ മായാജീത്തായി മാറും.

## സ്ലോഗൻ – എന്റേതെന്ന അനേക ബന്ധങ്ങളെ സമാപ്തമാക്കുക തന്നെയാണ് ഫരിസ്തയാകുക.